# അവണൂർ ഗ്രാമ പഞ്ചായത്ത് സി.ഡി.എസ്

# കോവിഡ് – 19 പ്രവർത്തന റിപ്പോർട്ട്

# അവണൂർ ഗ്രാമ പഞ്ചായത്ത് സി.ഡി.എസ്

സാംസ്കാരിക തലസ്ഥാനമായ തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് അവണൂർ ഗ്രാമപഞ്ചായത്ത്. കേരളത്തിലെ തന്നെ ഏക ആരോഗ്യസർവ്വകലാശാല സ്ഥിതി ചെയ്യുന്നത് ഈ പഞ്ചായത്തിലാണ്. തൃശൂർ ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നതും ഇവിടെ തന്നെയാണ്. കേരളത്തിലെ മികച്ച പഞ്ചായത്തിനുള്ള സ്വരാജ് അവാർഡ് കരസ്ഥമാക്കിയ കേരളത്തിലെ പഞ്ചായത്തുകളിൽ ഒന്നാണ് അവണൂർ. കർഷകരും, തൊഴിലാളികളും ചെറുകിട സംഭരംഭകരും വ്യവസായങ്ങളും എവിടെ സ്ഥിതി ചെയ്യുന്നു. 15 വാർഡുകളാണ് നിലവിൽ പഞ്ചായത്തിൽ ഉള്ളത്.

കേരളം കോവിഡ് - 19 മഹാമാരിയെ നേരിടുമ്പോൾ ഇതിനെ തരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ വിവിധതരം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ പ്രതിരോധ പ്രവർത്തനങ്ങൾ സമൂഹത്തിലെ ജനങ്ങൾക്കിടയിലേക്ക് എത്തിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ കുടുംബശ്രീയും രാവും പകലും ഇല്ലാതെ കൂടെ തന്നെയുണ്ട്. ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ, മാസ്ക് & സാനിറ്റൈസർ നിർമ്മാണവും വിതരണവും, കമ്മ്യൂണിറ്റി കിച്ചൻ, വയോജന പരിപാലനം , സർക്കാർ സൗജന്യ കിറ്റ് പാക്കിങ് , അതിഥി തൊഴിലാളികൾക്ക് ഭക്ഷണ വിതരണവും കിറ്റ് വിതരണവും, പോലീസ് സഹകരണത്തോടെ ഉള്ള RRP (RAPID RESPONSE TEAM) പ്രവർത്തനം, വിവിധതരം കൃഷികൾ , മുഖ്യമന്ത്രിയുടെ സഹായഹസ്തം (CMHLS) ലോൺ വിതരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ കുടുംബശ്രീ സി.ഡി.എസും കുടുംബശ്രീ പ്രവർത്തകരും സജ്ജീവമായിരുന്നു. കഴിഞ്ഞ വർഷങ്ങളിലെ പ്രളയരക്ഷാ പ്രവർത്തനങ്ങൾക്ക് സമാനമായിരുന്നു ഈ കോവിഡ് - 19 കാലത്തെ പ്രവർത്തനങ്ങൾ. ആയത് കൊണ്ട് തന്നെ സാധാരണക്കാർക്ക് ഒരു താങ്ങായും തണലായും മാറാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.

## ത്രിതല സംഘടനാ പ്രവർത്തനവും വാട്സ് ആപ്പ് ഗ്രൂപ്പ് പ്രവർത്തനവും

ഈ ലോക്ഡോൺ കാലം കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും എ.ഡി.എസ് , സി.ഡി.എസ് യോഗങ്ങളെയും പ്രവർത്തങ്ങളെയും, സാരമായി ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇത് ഒരു പരിധി വരെ പരിഹരിച്ചത് നവമാധ്യമ ഇടപെടലുകളിലൂടെയാണ്. വാട്സ് ആപ്പ്, സൂം ആപ്പ് തുടങ്ങിയവയിലൂടെ വീട്ടിലിരുന്ന് യോഗങ്ങൾ നടത്താൻ കഴിയും എന്ന് കുടുംബശ്രീയും തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. കൂടാതെ അയൽക്കൂട്ടങ്ങളുടെയും എ.ഡി.എസ് , സി.ഡി.എസ് വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെയും അറിയിപ്പ് നൽകിയും കുടുംബശ്രീ പ്രവർത്തനം മുന്നോട്ട് പോകുന്നു. സംസ്ഥാന തലത്തിൽ രൂപീകരിച്ച കമ്മ്യൂണിറ്റി ഇൻഫർമേറ്റീവ് നെറ്റ് വർക്ക് (CIN) വഴിയുള്ള സർക്കാർ അടിയന്തരമായ അറിയിപ്പുകളും , ജനക്ഷേമ പദ്ധതികളുടെ വിവരങ്ങളും ഏറ്റവും ആദ്യം കുടുംബശ്രീ പ്രവർത്തകരുടെ ഇടയിലേക്ക് എത്തിക്കാൻ സാധിച്ചു എന്നത് തന്നെ ഈ സംവിധാനത്തിന്റെ വിജയത്തെ സൂചിപ്പിക്കുന്നു. നിലവിൽ അയൽക്കൂട്ടങ്ങളെയും എ.ഡി.എസ് , സി.ഡി.എസ് എന്നിവരെയും ഉൾപ്പെടുത്തി വിവിധങ്ങളായ 12 ഓളം വാട്സ് ആപ്പ് ഗ്രൂപ്പുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

## കമ്മ്യൂണിറ്റി കിച്ചൻ

കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം അവണൂർ ഗ്രാമപഞ്ചായത്തിലും കുടുംബശ്രീയുടെയും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അവണൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സമൂഹ അടുക്കള പ്രവർത്തനം ആരംഭിച്ചിരുന്നു. 5 സി.ഡി.എസ് അംഗങ്ങളുടെ നേതൃത്വത്തിൽ ആണ് കമ്മ്യൂണിറ്റി കിച്ചൻ നടത്തിയിരുന്നത്. പഞ്ചായത്തിന്റെയും മറ്റു കുടുംബശ്രീ പ്രവർത്തകരുടെയും എല്ലാ വിധ സഹായസഹകരണകളും നൽകി വന്നിരുന്നു. സർക്കാർ നിഷ്കർച്ചിരുന്ന എല്ലാ വിധ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചാണ് കമ്മ്യൂണിറ്റി കിച്ചൻ നടത്തിവന്നിരുന്നത്. ഹെൽത്ത് കാർഡ് അടക്കമുള്ള എല്ലാ നിബന്ധനകളും പാലിച്ചിരുന്നു. ലോക്കഡോൺ നിലനിന്നിരുന്ന 41 ദിവസങ്ങളിലായി ആകെ 2316 ഭക്ഷണമാണ് സൗജന്യമായി സമൂഹ അടുക്കള വഴി വിതരണം ചെയ്തത്. ഈ പ്രവർത്തങ്ങൾക്ക് ഒരു കൈത്താങ്ങായി കുടുംബശ്രീ അയൽക്കൂട്ടങ്ങളും, ജെ.എൽ.ജി ഗ്രൂപ്പുകളും കൂടി പച്ചക്കറിയും , പലചരക്ക് വിഭവങ്ങളും സമൂഹ അടുക്കളയിലേക്ക് നൽകിയിരുന്നു.



**ലോക്ക്ഡോൺ  കാലത്തെ ക്രിയാത്മക പ്രവർത്തനങ്ങൾ**

ലോക്ക്ഡോൺ കാലത്ത് ഉണ്ടായ സമയക്കൂടുതൽ കുടുംബശ്രീ പ്രവർത്തകർ വിവിധ രീതിയിൽ ഉള്ള പ്രവർത്തനങ്ങൾ നടത്തി മുന്നേറുകയാണ് ഉണ്ടായത്. മാസ്ക് നിർമ്മാണം , പച്ചക്കറി കൃഷി , അതിഥി തൊഴിലാളികൾക്കുള്ള കിറ്റ് ഒരുക്കൽ , സംസ്ഥാന സർക്കാരിന്റെ സപ്ലൈകോ വഴി  പൊതുജനങ്ങൾക്ക് നൽകാനുള്ള കിറ്റ് ഒരുക്കൽ, കുടുംബശ്രീ ജില്ലാ മിഷൻ നടത്തിയ കൊറോണകാലത്തെ രുചിഭേദങ്ങൾ പഴമയിലേക്കൊരു എത്തിനോട്ടം എന്ന പാചകമത്സരത്തിൽ പങ്കെടുത്തുകൊണ്ടും ലോക്ക്ഡോൺ കാലം പുത്തൻ അധ്യായത്തിന് തുടക്കം കുറിക്കുകയായിരുന്നു കുടുംബശ്രീ.

സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം എല്ലാവരും മാസ്ക് ധരിക്കണം എന്ന തീരുമാനത്തിന്റെ ഭാഗമായി കുടുംബശ്രീ പ്രവർത്തകർ മാസ്ക് നിർമ്മാണത്തിലേക്ക് കടന്നിരുന്നു. ഏകദേശം 300 ഓളം മാസ്ക് നിർമ്മിച്ച് സൗജന്യമായി പഞ്ചായത്തിലും, പോലീസ് സ്റ്റേഷൻ , ആശ്രയ ഗുണഭോക്താക്കൾ , വയോജനങ്ങൾ തുടങ്ങിയവർക്ക് വിതരണം ചെയ്തിരുന്നു. അതിഥി തൊഴിലാളികൾക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ കിറ്റ് വിതരണം നടത്തുന്നതിനും കുടുംബശ്രീയുടെ സഹായം നൽകുകയുണ്ടായി. 120 ഭക്ഷണ കിറ്റാണ് വിതരണം നടത്തിയത്. സപ്ലൈകോ വഴി സംസ്ഥാന സർക്കാർ പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുന്ന കിറ്റ്

തയ്യാറാകുന്നതിനും കുടുംബശ്രീ പ്രവർത്തകരുടെ സഹായം നൽകിയിരുന്നു. 6 ദിവസങ്ങളിലായി 600 ഓളം കിറ്റ് തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിവിധതരം പച്ചക്കറി കൃഷിയിലും കുടുംബശ്രീ പ്രവർത്തകർ സജ്ജീവമായി ഇടപ്പെട്ടിരുന്നു. പഞ്ചായത്തും ,കൃഷി വകുപ്പും സൗജന്യമായി നൽകിയ വിത്തുകൾ വീടുകളിൽ വിതരണം ചെയ്യുന്നതിനും 20 ഓളം പേർ അടുക്കള തോട്ടനിർമ്മാണത്തിനും തുടക്കം കുറിച്ചിരുന്നു. പുതിയ കാലകൃഷി പരീക്ഷണങ്ങളായ മൈക്രോഗ്രീൻ പരീക്ഷണത്തിനും സമയം കണ്ടെത്തിയിരുന്നു.



<u>**വയോജനപരിപാലനം**</u>

പഞ്ചായത്തിലെ ആശ്രയ കുടുംബങ്ങളിലെ വയോജനങ്ങൾക്ക് മാസ്ക് വിതരണം, ആശ്രയ കുടുംബകുട്ടികൾക്ക് വേണ്ടിയുള്ള ങ്ങൾക്ക് കിറ്റ് വിതരണം, ഭക്ഷണം പാകം ചെയ്യാൻ പറ്റാത്തവർക്ക് കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും ഭക്ഷണം നൽകൽ എന്നി പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

## കുട്ടികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ

മാസ്ക് നിർമ്മാണത്തിൽ കുട്ടികളും പങ്കാളികൾ ആയിരുന്നു. അത് കൊണ്ട് തന്നെ മാസ്ക് ധരിക്കേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്താൻ സഹായകരമായി. ബാലസഭാ കുട്ടികൾക്കായി നടത്തിയ ജില്ലാതല പരിപാടികളായ കഥ, കവിത, ചിത്രരചനാ മത്സരങ്ങളിലും കുട്ടികൾ പങ്കെടുത്തിരുന്നു.

## ലോൺ വിതരണം (CMHLS)

കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മുഖ്യമന്ത്രിയുടെ സഹായഹസ്തം എന്ന പേരിലുള്ള ലോൺ വിതരണം നിലവിൽ നടക്കുന്നുണ്ട്. പഞ്ചായത്തിൽ 157 അയൽക്കൂട്ടങ്ങളിലെ 2073 കുടുംബശ്രീ അംഗങ്ങൾക്കായി 10865000 രൂപയാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. ഇതിന്റെ വിതരണം നിലവിൽ നടന്ന് കൊണ്ടിരിക്കുകയാണ്.

## വിവിധ വകുപ്പുകളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ

കൃഷിവകുപ്പും, പഞ്ചായത്തും, കുടുംബശ്രീയും ചേർന്ന് സൗജന്യമായി പച്ചക്കറി വിത്ത് വീടുകളിൽ എത്തിച്ച് നൽകി. സപ്ലൈകോയും കുടുംബശ്രീയും ചേർന്ന് വിതരണത്തിനായുള്ള കിറ്റ് തയ്യാറാക്കി നൽകി. കൂടാതെ പോലീസും പഞ്ചായത്തും കൂടി രൂപീകരിച്ച RRP (RAPID RESPONSE TEAM) പ്രവർത്തനത്തിലും കുടുംബശ്രീ സഹകരിച്ചിരുന്നു.

## ഭാവി പ്രവർത്തനങ്ങൾ

സുഭിക്ഷ കേരളം പദ്ധതിയിലൂടെ കാർഷിക സമൃദ്ധി തിരിച്ചു പിടിക്കാൻ ആവശ്യമായ ഇടപ്പെടലുകൾ നടത്തുക. ഒപ്പം തന്നെ കുടുംബശ്രീ പ്രവർത്തകരുടെ വീടുകളിലേക്കുള്ള പച്ചക്കറി സ്വന്തമായി ഉൽപാദിപ്പിക്കാനുള്ള സ്വയംപര്യാപ്തത നേടുക

ജനകീയ ഹോട്ടൽ പ്രവർത്തനം വഴി എല്ലാവർക്കും മിതമായ നിരക്കിൽ മയമില്ലാത്ത ഗുണനിലവാരം ഉള്ള ഭക്ഷണം ലഭ്യമാക്കുക

ദുരന്തമുഖങ്ങളിൽ പകച്ചുനിൽക്കാതെ പ്രതിരോധിക്കാൻ സന്നദ്ധസേന രൂപീകരണത്തിൽ കുടുംബശ്രീ പ്രവർത്തകരുടെ പങ്കാളിത്തം വർദ്ധിപ്പിക്കൽ

കേവലദാരിദ്ര്യ ലഘൂകരണത്തിനായി കുടുംബശ്രീ പ്രവർത്തകരെ പ്രാപ്തമാക്കുക. സ്വന്തം വരുമാനത്തിലൂന്നി ജീവിതം മുന്നോട്ട് നയിക്കാൻ ആവശ്യമായ സംരംഭങ്ങൾ തുടങ്ങാൻ പ്രോത്സാഹിപ്പിക്കുക.

കോവിഡ് - 19 പോലുള്ള ലോക്ക്ഡോൺ സാഹചര്യങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾക്കും ഒപ്പം തന്നെ മാറുന്ന ഡിജിറ്റൽ യുഗത്തിലെ മാറ്റങ്ങൾക്കൊപ്പം മുന്നേറാൻ കുടുംബശ്രീ പ്രവർത്തകരെ നവമാധ്യമ സാധ്യതകളെ പരിചയപ്പെടുത്താനും ഇതിനെക്കുറിച്ചുള്ള അടിസ്ഥാന വിദ്യാഭ്യാസം നൽകാനും സാഹചര്യം ഒരുക്കുക

**സി.ഡി.എസ് ചെയർപേഴ്സൺ : സത്യഗീത മോഹൻദാസ് 9746517362**

**റിപ്പോർട്ട് തയ്യാറാക്കിയത് : മിഥുൻ ഗോപിനാഥ് കെ 9497316159, എൻ.ആർ.എൽ.എം ബ്ലോക്ക് കോർഡിനേറ്റർ , പുഴയ്ക്കൽ ബ്ലോക്ക് , തൃശൂർ**